BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.
BSNLEU

സർക്കുലർ നമ്പർ: 9/2018-2020 തീയതി: 09-04-2018

# അഖിലേന്ത്യാ പ്രവർത്തകസമിതി യോഗം അഗർത്തലയിൽ സമാപിച്ചു

സഖാവെ,

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ അഖിലേന്ത്യാ പ്രവർത്തക സമിതി 2018 ഏപ്രിൽ 3 മുതൽ 5 വരെ അഗർത്തലയിൽ ചേർന്നു. 3-ാം തീയതി രാവിലെ ഷഹീദ് ഭഗത്ത്സിംഗ് യുവ ആവാസ് ഹാളിനു മുൻപിൽ ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ പ്രസിഡന്റ് സ:ബൽബീർസിംഗ് ദേശീയ പതാകയും, ജനറൽ സെക്രട്ടറി സ:പി.അഭിമന്യു യൂണിയന്റെ പതാകയും ഉയർത്തിയതോടെ പ്രവർത്തകസമിതി ആരംഭിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനം സി.ഐ.ടി.യു. അഖിലേന്ത്യാ പ്രസിഡന്റ് സ:കെ.ഹേമലത ഉദ്ഘാടനം ചെയ്തു. കേന്ദ്രസർക്കാർ സ്വീകരിക്കുന്ന തൊഴിലാളിവിരുദ്ധ-കോർപ്പറേറ്റ് അനുകൂല നയങ്ങളെക്കുറിച്ച് വളരെ വിശദമായി സഖാവ് സംസാരിച്ചു. ബി.എസ്.എൻ.എൽ. നോട് കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നിലപാടുകൾക്കെതിരെ ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ നടത്തുന്ന പോരാട്ടങ്ങളെ സഖാവ് അഭിനന്ദിച്ചു. യോഗത്തെ അഭിവാദ്യം ചെയ്തുകൊണ്ട് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ സ്ഥാപക ജനറൽ സെക്രട്ടറി സ:വി.എ.എൻ.നമ്പൂതിരി, ശ്രീ.അഷിഷ് പഥക്, ജനറൽ മാനേജർ തൃപുര എന്നിവർ സംസാരിച്ചു. പ്രസിഡന്റ് സ: ബൽബീർസിംഗ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്വാഗതസംഘത്തിനു വേണ്ടി ചെയർമാൻ സ: മിഥുൻ രഞ്ജൻ ബൗമിക് സ്വാഗതം ആശംസിച്ചു. ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ കേന്ദ്രകമ്മിറ്റിക്കുവേണ്ടി ജനറൽ സെക്രട്ടറി സ:അഭിമന്യുവും സ്വാഗതം ആശംസിച്ചു. സ്വാഗതസംഘത്തിന്റെ ജോയിന്റ് കൺവീനർ സ:ശങ്കർ ബർദാൻ നന്ദി രേഖപ്പെടുത്തി. 400 ൽപ്പരം ബി.എസ്.എൻ.എൽ. ജീവനക്കാർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം ജനറൽ സെക്രട്ടറി സ:പി.അഭിമന്യു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് റിപ്പോർട്ടിൻമേലുള്ള ചർച്ച ആരംഭിച്ചു. മൂന്നുദിവസം നീണ്ടുനിന്ന ചർച്ചയിൽ ടവർ കമ്പനി രൂപീകരണം, ശമ്പളപരിഷ്കരണം, ചെന്നൈ അഖിലേന്ത്യാ സമ്മേളനത്തിലും, തിരുവനന്തപുരം, ഡൽഹി എന്നിവിടങ്ങളിൽ നടന്ന കേന്ദ്ര പ്രവർത്തകസമിതിയിലും എടുത്ത തീരുമാനങ്ങളും തുടർനടപടികളും യോഗം വിശദമായി ചർച്ചചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. **ടവർകമ്പനി രൂപീകരണത്തിനെതിരെയുള്ള പ്രക്ഷോഭം:** ടവർ കമ്പനി രൂപീകരണത്തിനെതിരെ എല്ലാ യൂണിയനുകളുടേയും അസോസിയേഷനുകളുടേയും നേതൃത്വതതിൽ നടത്തിവരുന്ന സമരത്തെ കേന്ദ്ര പ്രവരത്തകസമിതി യോഗം

അഭിനന്ദിച്ചു. എന്നാൽ ടവർ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി ഡി.ഒ.ടി. നിരന്തരമായി നടത്തുന്ന സമ്മർദ്ദത്തെ യോഗം വളരെ ഗൗരവത്തോടെ വിലയിരുത്തി. അതുകൊണ്ടുതന്നെ എല്ലാ യൂണിയനുകളുടെയും അസോസിയേഷനുകളുടെയും നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭ പരിപാടികൾ കൂടാതെ പൊതുജനങ്ങളിലേക്ക് ഈ വിഷയം എത്തിക്കുന്നതിനുവേണ്ടിയുള്ള വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സർക്കിൾ-ജില്ലാതലങ്ങളിൽ സംഘടിപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു. ഈ വിഷയം എല്ലാ യൂണിയൻ/അസോസിയേഷനുകളുടെ (AUAB) യോഗത്തിൽ ഉന്നയിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിനുവേണ്ടി കേന്ദ്രകമ്മിറ്റിയെ ചുമതലപ്പെടുത്തി.

2. <u>**ശമ്പളപരിഷ്കരണം:**</u> ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉണ്ടായിട്ടുള്ള പുരോഗതിയിൽ AUAB നടത്തിയ പ്രവർത്തനങ്ങളെ യോഗം അഭിനന്ദിച്ചു. കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടയിട്ടുള്ള നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. എങ്കിലും ഈ വിഷയം വളരെ ഗൗരവത്തോടെ തന്നെ കാണണമെന്നും ശമ്പളപരിഷ്കരണം നേടിയെടുക്കുന്നതിനുവേണ്ടി ഏത് അവസരത്തിലും ഒരു പ്രക്ഷോഭത്തിനു തയ്യാറാകുന്ന തരത്തിൽ ജീവനക്കാരെ സജ്ജരാക്കണമെന്ന് യോഗം തീരുമാനിച്ചു.

3. <u>**2018 മേയ് 3 ശ്രദ്ധ ക്ഷണിക്കൽ ദിനം:**</u> ബി.എസ്.എൻ.എൽ. മാനേജ്മെന്റ് എല്ലാ മേഖലയിലും "ഔട്ട്സോഴ്സിംഗ്" വ്യാപകമാക്കുകയാണ്. ഇതിന്റെ ഫലമായി വലിയതോതിൽ ബി.എസ്.എൻ.എൽ.ന്റെ പണം ചോർന്നുപോകുന്നു. ഇതിന്റെ പ്രയോജനം ചിലർക്ക് ലഭിക്കുന്നുണ്ട്. ഇത് അടിയന്തിരമായി അവസാനിപ്പിക്കേണ്ടതുണ്ട്. സീനിയർ ടി.ഒ.എ. കേഡറിൽ ജീവനക്കാർ വ്യാപകമായി റിട്ടയർ ചെയ്യുന്നു. നോൺ എക്സിക്യൂട്ടീവ് കേഡറിൽ ജെ.ഇ.വിഭാഗത്തിൽ മാത്രമാണ് റിക്രൂട്ട്മെന്റ് നടക്കുന്നത്. അതുകൊണ്ട് സീനിയർ ടി.ഒ.എ. വിഭാഗത്തിൽ റിക്രൂട്ട്മെന്റ് നടത്തണം. അനാവശ്യമായ ചിലവുകൾ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുന്നു. അടുത്തകാലത്ത് കോർപ്പറേറ്റ് ഓഫീസിലെ നാല് ഉയർന്ന ഉദ്യോഗസ്ഥർ ക്രിക്കറ്റ് കളി കാണുന്നതിനുവേണ്ടി ശ്രീലങ്കയിൽ പോയതായി അറിയുന്നു. ഇതിൽനിന്നും മനസ്സിലാക്കുന്നത് അനാവശ്യമായ ചിലവുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഉന്നത ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ല. പകരം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ജീവനക്കാരുടെ മെഡിക്കൽ ആനുകൂല്യം വെട്ടിക്കുറക്കാനും, കരാർ തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനുമാണ് തീരുമാനം. കരാർ തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്നത് സർവ്വീസിനെ ഗുരുതരമായി ബാധിക്കും. ഈ വിഷയങ്ങൾ അഗർത്തല പ്രവർത്തകസമിതി യോഗം വിശദമായി ചർച്ചചെയ്യുകയും മേയ് 3 "ശ്രദ്ധക്ഷണിക്കൽ" ദിനമായി ആചരിക്കാൻ തീരുമാനിച്ചു. അന്നേദിവസം ജീവനക്കാർ കറുത്ത ബാഡ്ജ് ധരിച്ച് ജോലിക്ക് ഹാജരാകുവാനും, പ്രകടനം നടത്തുവാനും തീരുമാനിച്ചു. ശ്രദ്ധക്ഷണിക്കൽ ദിനത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ താഴെ കൊടുക്കുന്നു.

* **ഭ്രാന്തമായ ഔട്ട്സോഴ്സിംഗ് നീക്കം ഉപേക്ഷിക്കുക.**
* **അനാവശ്യ ചിലവുകൾ ഒഴിവാക്കുക.**
* **ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ആനുകൂല്യങ്ങൾ**

**വെട്ടിക്കുറക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.**

* **കരാർ ജീവനക്കാരെ വെട്ടിക്കുറക്കാനുള്ള നീക്കം അവസാനിപ്പിക്കുക.**
* **സീനിയർ ടി.ഒ.എ. കേഡറിൽ നിയമനം നടത്തുക.**

4. **നവഉദാരവൽക്കരണ നയത്തിനെതിരെയും മതസൗഹാർദ്ദം സംരക്ഷിക്കാനുള്ള പ്രചരണം ശക്തിപ്പെടുത്തുക:** നവഉദാരവൽക്കരണ നയത്തിനെതിരെയും, മത സൗഹാർദ്ദം സംരക്ഷിക്കാനുമുള്ള പ്രചരണം ശക്തിപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു. സ: മണിബോസിന്റെ 8-ാം ചരമവാർഷികദിനമായ 2018 മെയ് 19 ന് ഈ രണ്ട് വിഷയങ്ങൾ ഉന്നയിച്ച് അഖിലേന്ത്യാ തലത്തിലും, സർക്കിൾ തലത്തിലും സെമിനാറുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

5. **ചെറുപ്പക്കാരായ ജീവനക്കാരുടെ കൺവെൻഷൻ:** ചെറുപ്പക്കാരായ ജീവനക്കാരെ യൂണിയൻ രംഗത്ത് സജീവമാക്കുന്നതിനുവേണ്ടി സർക്കിൾതല കൺവെൻഷൻ ചേരുവാൻ യോഗം തീരുമാനിച്ചു. പുതിയതായി നിയമിക്കപ്പെട്ട ജെ.ഇ.മാരെ പരമാവധി ഈ കൺവെൻഷനിൽ പങ്കെടുപ്പിക്കണം. 30-6-2018 ന് മുമ്പ് കൺവെൻഷൻ ചേരണം.

6. **ഡോ:ബി.ആർ.അംബേദ്കർ ദിനം:** ഭരണഘടനാശില്പിയും സാമൂഹ്യനീതിക്കായുള്ള സമരത്തിന്റെ മുൻനിര പോരാളിയുമായ ഡോ:ബി.ആർ.അംബേദ്ക്കറുടെ ജന്മദിനമാണ് ഏപ്രിൽ 14. ജന്മദിനം എല്ലാ എസ്.എസ്.എ.കേന്ദ്രങ്ങളിലും സമുചിതമായി ആചരിക്കണം. ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന യോഗങ്ങളിൽ എസ്.സി/എസ്.ടി. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുതിനുവേണ്ടി ബി. എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കണം.

7. **അനാവശ്യ ചിലവുകൾ നിയന്ത്രിക്കണം:** സർക്കിൾ തലത്തിലും, എസ്.എസ്. എ.തലത്തിലും നടക്കുന്ന അനാവശ്യ ചിലവുകളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ശേഖരിക്കുവാനും, അതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഒരു നോട്ട് ബി.എസ്.എൻ.എൽ.മാനേജ്മെന്റിനു നൽകുവാനും തീരുമാനിച്ചു. ആയതിനാൽ ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ സർക്കിൾ യൂണിയനെ 13-4 -2018 ന് മുമ്പായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

8. **ടെലി ക്രൂസേഡർ:** ടെലിക്രൂസേഡറുമായി ബന്ധപ്പെട്ട് എല്ലാ സർക്കിളുകളും വ്യക്തമായ കണക്കുകൾ നൽകണമെന്ന് യോഗം തീരുമാനിച്ചു. ഓരോ ഓഫീസ്/ എക്സ്ചേഞ്ചുകൾക്ക് ആവശ്യമായ കോപ്പികളുടെ എണ്ണം സർക്കിൾ യൂണിയനെ അറിയിക്കണം.

വളരെ പ്രതികൂലമായ രാഷ്ട്രീയ കാലാവസ്ഥയിലും കേന്ദ്ര പ്രവർത്തകസമിതിയോഗം വളരെ ഭംഗിയായും, ചിട്ടയോടുകൂടിയും സംഘടിപ്പിച്ച എൻ.ഇ-1ലെയും തൃപുരയിലെയും സഖാക്കളെ യോഗം അഭിനന്ദിച്ചു.

**2018 ഏപ്രിൽ 12 കൂട്ടധർണ്ണ:** ടവർ കമ്പനി രൂപീകരണത്തിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളുടെ തുടർച്ചയായി എല്ലാ എസ്.എസ്.എ.കേന്ദ്രങ്ങളിലും ഏപ്രിൽ 12 ന് കൂട്ടധർണ്ണ നടത്തുവാനും, ഏപ്രിൽ 19 ന് രാജ്ഭവൻ മാർച്ച് നടത്തുവാനും എല്ലാ യൂണിയനുകളു

ടെയും അസോസിയേഷനുകളുടെയും യോഗം തീരുമാനിച്ചിട്ടുണ്ട്. സംയുക്ത യോഗങ്ങൾ വിളിച്ചുചേർത്ത് ഈ പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കണം. പരമാവധി ജീവനക്കാരെ പങ്കെടുപ്പിക്കണം. ട്രേഡ് യൂണിയൻ നേതാക്കൾ, ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കാൻ ശ്രമിക്കണം. പരിപാടിയുടെ വിശദമായ റിപ്പോർട്ട് സർക്കിൾ യൂണിയനെ അറിയിക്കണം.

**രാജ്ഭവൻ മാർച്ച്:** ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ രാജ്ഭവൻ മാർച്ച് സംഘടിപ്പിക്കണമെന്നും പരമാവധി ജീവനക്കാരെ മാർച്ചിൽ അണിനിരത്തണമെന്നും കേന്ദ്ര പ്രവർത്തകസമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ സംഘടനയിൽ നിന്ന് താഴെപറയുന്ന തരത്തിൽ ജീവനക്കാരെ പങ്കെടുപ്പിക്കണം.

| | | | |
|---|---|---|---|
| തിരുവനന്തപുരം | 400 | പാലക്കാട് | 30 |
| കൊല്ലം | 200 | മലപ്പുറം | 15 |
| പത്തനംതിട്ട | 50 | കോഴിക്കോട് | 25 |
| ആലപ്പുഴ | 50 | കണ്ണൂർ | 25 |
| കോട്ടയം | 100 | സർക്കിൾ ഓഫീസ് | 50 |
| എറണാകുളം | 75 | സിവിൽ വിംഗ് | 20 |
| തൃശ്ശൂർ | 50 | | |

പങ്കെടുക്കുന്ന സഖാക്കളുടെ എണ്ണം മുൻകൂട്ടി സർക്കിൾ യൂണിയനെ അറിയിക്കണം.

**സർക്കിൾ പ്രവർത്തകസമിതി യോഗം:** സർക്കിൾ പ്രവർത്തകസമിതി യോഗം 18-4-2018 ന് തിരുവനന്തപുരത്ത് പി & ടി ഹൗസിൽ ചേരുന്നതാണ്. യോഗം രാവിലെ പത്ത് മണിക്ക് ആരംഭിക്കും. അഖിലേന്ത്യാ ഓർഗനൈസിംഗ് സെക്രട്ടറി സ:എച്ച്.വി.സുദർശനൻ യോഗത്തിൽ പങ്കെടുക്കും.

**ബി.എസ്.എൻ.എൽ. ക്രൂസേഡർ:** ബി.എസ്.എൻ.എൽ.ക്രൂസേഡറിന്റെ അഡ്രസ്സും, എണ്ണവും ക്രമപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ട് കൃത്യമായ അഡ്രസ്സും, ഓഫീസ്/എക്സ്ചേഞ്ചുകൾക്ക് ആവശ്യമായ കോപ്പികളുടെ എണ്ണവും സർക്കിൾ പ്രവർത്തകസമിതിക്ക് വരുമ്പോൾ കൊണ്ടുവരുവാൻ ജില്ലാ സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്.

അഭിവാദനങ്ങളോടെ,



**സി. സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.